LIBRARY ARCHIVES Kerala Legislative Assembly

കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ്

181 (870) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വീസ് നിർത്തിവയ്ക്കൽ, ബോട്ട് യാർഡിന്റെ പണി തടസ്സപ്പെടൽ എന്നിവ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല, കൊറ്റി-കോട്ടപ്പുറം സർവ്വീസുകൾ നിലവിൽ കാര്യക്ഷമമായി നടത്തി വരുന്നു. ബോട്ട് യാർഡിന്റെ പണികൾ SILK, കണ്ണൂർ മുഖാന്തിരം പുരോഗമിച്ചു വരുന്നു.

നെന്മാറ പലകപ്പാണ്ടി ഡൈവേർഷൻ സ്കീം

182 (871) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെ പൂർത്തീകരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ കരാറുകാരന് മുഴുവൻ തുകയും സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര തുക നൽകാനുണ്ടെന്നും ആയത് എന്ന് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പണികൾ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പലകപ്പാണ്ടി ഡൈവേർഷൻ സ്കീം പൂർത്തിയാക്കുവാൻ ഇതുവരെയായി 12.80 കോടി രൂപ (പന്ത്രണ്ട് കോടി എൺപത് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്.